**പതിനാലാം കേരള നിയമസഭ**
**പതിനാൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1873 10.03.2020 - ൽ മറുപടിയ്ക്ക്

# കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ എൻഡോസൾഫാൻ ബാധിതർ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ നൊട്ടമല പ്രദേശത്ത് അംഗവൈകല്യം ബാധിച്ചവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ 1,18,19 വാർഡുകൾ ഉൾപ്പെടുന്ന നൊട്ടമല ഭാഗത്തെ അംഗപരിമിതരുടെ എണ്ണം കൂടുതലാണെന്നും ആയതിനുള്ള കാരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രദേശവാസികളുടെ പരാതിയിൽ ബന്ധപ്പെട്ട ആരോഗ്യ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിളിച്ച ചേർത്ത യോഗത്തിൽ പ്രദേശവാസികളുടെ ആവശ്യങ്ങളും ആശങ്കകളും ചർച്ച ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർ അംഗപരിമിതരെ നേരിട്ട് കാണുകയും അവരുടെ സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ചെയ്തു. എൻഡോസൾഫാൻ പ്രയോഗം മൂലമാണ് അംഗവൈകല്യം സംഭവിച്ചതെന്ന് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ പഠനം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | എൻഡോസൾഫാൻ പ്രയോഗം മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് നാട്ടുകാർ പരാമർശിക്കുന്ന സാഹചര്യത്തിൽ വ്യക്തമായ പഠനം നടത്തി തുടർ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ